# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## പ്രധാനമന്ത്രി ആവാസ് യോജന

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 126 — 30-09-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. എസ്. രാജേന്ദ്രൻ**<br>**ശ്രീ. സി.കെ. ശശീന്ദ്രൻ**<br>**ശ്രീ. കെ. ബാബു** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ഇന്ദിരാ ആവാസ് യോജന പിൻവലിച്ച് പകരം ആരംഭിച്ച പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം കേരളത്തിൽ ഗുണ ഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചി ട്ടുണ്ടോ; കുറവുണ്ടായെങ്കിൽ കാരണമെന്താ ണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിപ്രകാരം 2016-17 വർഷം 24341 വീടുകളാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടു ള്ളത്. ഇതിൽ 14605 വീടുകൾ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിനും 9736 വീടുകൾ ന്യൂനപക്ഷ വിഭാഗത്തിനുമാണ്. അനുവദിച്ചിട്ടുള്ളത്. ടി പദ്ധതി യിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. കുറവ് വരുത്തിയത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയമാണ്. കുറവ് വന്നതിന് പ്രത്യേക കാരണ മൊന്നും മന്ത്രാലയം അറിയിച്ചിട്ടില്ല. |
| (ബി) | പി.എം.എ.വൈ. പ്രകാരം ഗുണഭോക്താ ക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് | (ബി) | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കു ന്നത് കേന്ദ്ര സർക്കാർ മാനദണ്ഡമായ 2011-ൽ നടന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (എസ്.ഇ.സി.സി) പ്രകാരമാണ്. എസ്.ഇ.സി.സി ലിസ്റ്റിൽപ്പെട്ട ഭവന രഹിതരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ലിസ്റ്റിൽപ്പെട്ടവരുടെ നിലവിലെ സ്ഥിതി ഗ്രാമ പഞ്ചായത്തു തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ചതിന് ശേഷം അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭാ അംഗീകാരത്തിനുശേഷം പി.എം.എ.വൈ. വെബ് സൈറ്റിൽ അപ് ലോഡ് ചെയ്താണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നത്. ഭവനരഹിതരായ 16-നും 59-നും പ്രായപരിധിയിൽ അംഗങ്ങളില്ലാത്ത കുടുംബത്തിനും ഗൃഹനാഥൻ വനിതയായവർക്കും 25 വയസ്സിന് മുകളിലുള്ള സാക്ഷരരായ പുരുഷൻമാർ ഇല്ലാത്ത കുടുംബത്തിനും കുടുംബത്തിൽ ശാരീരിക ക്ഷമതയുള്ളവരില്ലാത്തതും ഭിന്നശേഷിയുള്ളവർ ഉൾപ്പെട്ടതും കൂലിവേല ഉപജീവനമായവർ മാത്രം ഉൾപ്പെട്ട കുടുംബത്തിനും അർഹതാ മാനദണ്ഡങ്ങ ളിൽ മുൻഗണനയുണ്ട്. ചേരിനിവാസികളായ |

| | | | |
|---|---|---|---|
| | | | നിരാലംബർ, തോട്ടിപ്പണിക്കാർ, പ്രാക്ഗോത്രവർഗ്ഗത്തിലുൾപ്പെട്ടവർ, അടിമത്തൊഴിലിൽനിന്ന് മോചിതരായവർ എന്നിവർ ഈ പദ്ധതിയിൽ ഉൾപ്പെടാൻ അർഹരാണ്.<br>താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന കുടുംബങ്ങൾ അനർഹരായിരിക്കും.<br>1. രണ്ടുചക്രം മുതലുള്ള മോട്ടോർ വാഹനം സ്വന്തമായുള്ള കുടുംബം<br>2. മൂന്ന്-നാല് ചക്ര കാർഷിക യന്ത്രങ്ങൾ സ്വന്തമായുള്ള കുടുംബം<br>3. 50,000/- രൂപയ്ക്ക് മുകളിൽ കിസാൻ ക്രഡിറ്റ് കാർഡുള്ള കുടുംബം<br>4. സർക്കാർ ജീവനക്കാരുള്ള കുടുംബം<br>5. സർക്കാരിൽ രജിസ്റ്റർ ചെയ്ത കാർഷികേതര സംരംഭകൻ ഉള്ള കുടുംബം<br>6. 10,000/-രൂപയിൽ കൂടുതൽ കുടുംബ മാസ വരുമാനമുള്ള കുടുംബം<br>7. ആദായ നികുതി ദായകൻ ഉൾപ്പെടുന്ന അംഗങ്ങളുള്ള കുടുംബം<br>8. തൊഴിൽ നികുതി ദായകൻ ഉൾപ്പെടുന്ന കുടുംബം<br>9. റഫ്രിജറേറ്റർ സ്വന്തമായുള്ള കുടുംബം<br>10. ലാന്റ് ഫോൺ ഉള്ള കുടുംബം<br>11. 2.5 ഏക്കർ കാർഷിക ഭൂമിയുള്ള കുടുംബം |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അവലംബിച്ചിട്ടുള്ള രീതി എന്താണ്; ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനു പകരം കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതി അവലംബിക്കാൻ സാധ്യമാണോ; വിശദമാക്കുമോ? | (സി) | ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയമാണ്. ഇതിന് മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രിക്ക് മുഖ്യമന്ത്രിയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ